STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.486/PR/SPMC/PHQ/2026 Date:13.10.2026

## പത്രക്കുറിപ്പ്

### രാഷ്ട്രീയ ഏകതാ ദിവസ് :

### കേരള പോലീസിന്റെ ലഹരിവിരുദ്ധ മോട്ടോർ സൈക്കിൾ റാലിയുടെ തുടർ യാത്ര നാളെ അടൂരിൽ നിന്നും.

രാഷ്ട്രീയ ഏകതാ ദിവസിനോടനുബന്ധിച്ച് കേരള പോലീസിന്റെ നേതൃത്വത്തിലുള്ള ദേശീയ ലഹരിവിരുദ്ധ മോട്ടോർ സൈക്കിൾ റാലിയുടെ തുടർയാത്ര നാളെ (ഒക്ടോബർ 14 ) അടൂരിൽ നിന്നും ആരംഭിക്കും.

രാവിലെ എട്ടിന് അടൂർ കെ.എ.പി. മൂന്നാം ബറ്റാലിയനിൽ നടക്കുന്ന ചടങ്ങിൽ അടൂർ നഗരസഭാ ചെയർപേഴ്സൺ റീന സാമുവൽ യാത്ര ഫ്ളാഗ് ഓഫ് ചെയ്യും. ചടങ്ങിൽ ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്മറിയാമ്മ തങ്കച്ചൻ, വാർഡ് മെമ്പർ സൂസൻ ശശികുമാർ, കെ.എ.പി. മൂന്നാം ബറ്റാലിയൻ കമാൻഡൻറ് മനോജ് കെ. നായർ, ഡെപ്യൂട്ടി കമാൻഡൻറ് സജീന്ദ്രൻ പിള്ള, അസിസ്റ്റൻറ് കമാൻഡൻറുമാരായ വിനോദ് കെ, സ്റ്റാർ മോൻ ആർ. പിള്ള, മറ്റ് പോലീസ് ഉദ്യോഗസ്ഥർ, വിവിധ സ്കൂളുകളിൽ നിന്നുള്ള സ്റ്റുഡൻറ്സ് പോലീസ് കേഡറ്റുകൾ എന്നിവർ പങ്കുചേരും.

റാലിയുടെ സംസ്ഥാനതല ഫ്ളാഗ് ഓഫ് ഇന്ന് തിരുവനന്തപുരത്ത് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ നിർവഹിച്ചിരുന്നു.

“FIGHT AGAINST DRUGS” എന്ന സന്ദേശമുയർത്തി യുവതലമുറയിലും പൊതുസമൂഹത്തിലും ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് റാലിയുടെ പ്രധാന ലക്ഷ്യം. രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ദേശീയ മോട്ടോർ സൈക്കിൾ റാലി നോർത്ത് സോൺ, സെൻട്രൽ സോൺ, സൗത്ത് സോൺ, നോർത്ത് ഈസ്റ്റ് സോൺ എന്നിങ്ങനെ നാല് മേഖലകളായി തിരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പോലീസ് സേനകൾ, കേന്ദ്ര സായുധ പോലീസ് സേനകൾ, മറ്റ് കേന്ദ്ര പോലീസ് സംഘടനകൾ എന്നിവയുടെ ടീമുകൾ  റാലിയിൽ പങ്കെടുക്കും. റാലി ടീമുകൾ 2026 ഒക്ടോബർ 26, 27 തീയതികളിൽ ഗുജറാത്തിലെ ഏകതാ നഗറിൽ സംഗമിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************************************